11098
24/6/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - നെയ്യാറ്റിൻ കര തഹസീൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി ആര് എഫ് -എ) വകുപ്പ്

**സ.ഉ.(സാധാ) നം.1656/2019/റവ.** തീയതി,തിരുവനന്തപുരം, 26/06/2019

---

പരാമർശം: 11.03.2019 തീയതിയിലെ, തിരുവനന്തപുരം ജില്ലാ കളക്ടറുടെ എ5/ ഇ/116600 /18നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്ക് കരുംകുളം വില്ലേജിൽ ശിൽ വദാസൻ S / O പത്രോസ്, ഉരിയരിക്കുന്ന് പുരയിടം എന്നയാൾ മത്സ്യബന്ധനത്തിനിടെ തിരയിൽപ്പെട്ട് മരണമടഞ്ഞതിൽ അടിയന്തിര ധനസഹായമായി തഹസിൽദാർ മുഖേന 10,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ നടപടി സാധൂകരിക്കണമെന്നും, തഹസീൽദാരുടെ ക്യാഷ് ചെസ്റ്റ് ക്രമീകരിക്കുന്നതിനായി, ചെലവഴിച്ച 10,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച നൽകണമെന്നും പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സര്ക്കാര് ഇക്കാര്യം വിശദമായി പരിശോധിച്ചു. നെയ്യാറ്റിൻകര തഹസീൽദാരുടെ ക്യാഷ് ചെസ്റ്റിൽ നിന്നും മേൽ ആവശ്യത്തിനായി ചെലവായ 10,000/- രൂപ (പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചും ജില്ലാകളക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. അപകടമരണത്തിന് ധനസഹായം അനുവദിക്കുന്ന അവസരത്തിൽ അടിയന്തിര ധനസഹായം അനുവദിച്ചത് കിഴിച്ച് ബാക്കി തുക അനുവദിക്കേണ്ടതാണ്.

3. ടി 10,000/- രൂപ (പതിനായിരം രൂപ മാത്രം) 2075-00-800- 40 contribution of Cheif Ministier's Distress Relief Fund (NP) എന്ന ശീർഷകത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാര്.റ്റി.കെ.**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ജില്ലാ കളക്ടർ, തിരുവനന്തപുരം.

തഹസിൽദാർ , നെയ്യാറ്റിൻകര.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ ( ഫണ്ട്സ്) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ